REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 19-04-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ബഹിരാകാശ യാത്രികനെ അന്താരാഷ്ട്ര നിലയത്തിലേക്കയച്ച് പുതിയ ചരിത്രം കുറിയ്ക്കാൻ ഇന്ത്യ തയ്യാറെടുക്കുകയാണെന്ന് കേന്ദ്ര സഹമന്ത്രി ഡോ. ജിതേന്ദ്രസിംഗ്.**
- **രണ്ടായിരം രൂപയ്ക്ക് മുകളിലെ UPI ഇടപാടുകൾക്ക് GST ചുമത്തുമെന്ന മാധ്യമവാർത്തകൾ കേന്ദ്രം നിഷേധിച്ചു.**
- **JEE മെയിൻ പ്രവേശന പരീക്ഷാ ഫലം ഇന്ന് പ്രസിദ്ധീകരിക്കും.**
- **ക്രൈസ്തവർ നാളെ യേശുദേവന്റെ ഉയിർപ്പ് തിരുനാൾ ആഘോഷിക്കും.**
- **IPL ട്വന്റി-20 ക്രിക്കറ്റിൽ പഞ്ചാബ് കിംഗ്സ്,റോയൽ ചലഞ്ചേഴ്സിനെ തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

ബഹിരാകാശ യാത്രികനെ അന്താരാഷ്ട്ര നിലയത്തിലേക്കയച്ച് പുതിയ ചരിത്രം കുറിയ്ക്കാൻ ഇന്ത്യ തയ്യാറെടുക്കുകയാണെന്ന് കേന്ദ്ര സഹമന്ത്രി ഡോ. ജിതേന്ദ്രസിംഗ് അറിയിച്ചു. ഇന്ത്യൻ വ്യോമസേനയിലെ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻഷു ശുക്ല അടുത്തമാസം അന്താരാഷ്ട്ര നിലയത്തിലേക്ക് യാത്ര തിരിക്കുമെന്ന് ഡോ. സിംഗ് ന്യൂഡൽഹിയിൽ പറഞ്ഞു. അന്താരാഷ്ട്ര ബഹിരാകാശാ ദൗത്യമായ 'ആക്സിയം സ്പേസ് മിഷനിലാണ് ' ഗ്രൂപ്പ് ക്യാപ്റ്റൻ അന്താരാഷ്ട്ര നിലയത്തിലേക്ക് യാത്ര തിരിക്കുന്നത്.

✪✪✪

രണ്ടായിരം രൂപയ്ക്ക് മുകളിലെ UPI ഇടപാടുകളിൽ GST ചുമത്തുമെന്ന മാധ്യമവാർത്തകൾ അടിസ്ഥാനരഹിതവും, തെറ്റിദ്ധാരണാജനകവുമാണെന്ന് കേന്ദ്രഗവൺമെന്റ് വ്യക്തമാക്കി. നിലവിൽ ഇത്തരം നിർദ്ദേശങ്ങളൊന്നും ഗവൺമെന്റിന്റെ പരിഗണനയിലില്ലെന്ന് ധനമന്ത്രാലയം അറിയിച്ചു. ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്ന ഗവൺമെന്റ്, 2020-21 സാമ്പത്തികവർഷം മുതൽ UPI ഇടപാടുകൾക്ക് ഇൻസെന്റീവ് നൽകുന്നുണ്ടെന്നും അറിയിപ്പിൽ പറയുന്നു.

✪✪✪

ദേശീയ ടെസ്റ്റിംഗ് ഏജൻസി JEE മെയിൻ പ്രവേശന പരീക്ഷ രണ്ടാം സെഷന്റെ ഫലം ഇന്ന് പ്രസിദ്ധീകരിക്കും. ഔദ്യോഗിക വെബ്സൈറ്റിൽ കട്ട്ഓഫ് മാർക്ക് സഹിതമായിരിക്കും ഫലപ്രഖ്യാപനം. ഈ മാസം രണ്ടിനും ഒൻപതിനുമിടയിലായിരുന്നു പരീക്ഷ.

✪✪✪

ലോക ദൃശ്യ- ശ്രാവ്യ വിനോദ ഉച്ചകോടി- WAVES 2025 ന്റെ ഭാഗമായി ക്രിയേറ്റ് ഇൻ ഇന്ത്യ ചലഞ്ച് സീസൺ ഒന്നിലെ ഫിനാലെ, അടുത്ത മാസം ഒന്നു മുതൽ 4 വരെ മുംബൈയിലെ ജിയോ വേൾഡ് സെന്ററിൽ നടത്തും. 1,100 ലധികം അന്താരാഷ്ട്ര പങ്കാളികൾ ഉൾപ്പെടെ ഒരു ലക്ഷത്തോളംപേർ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

✪✪✪

2030 ഓടെ ഇന്ത്യയുടെ പ്രതിരോധ ഉത്പന്ന കയറ്റുമതി 50,000 കോടി രൂപയിലെത്തുമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. മഹാരാഷ്ട്രയിലെ ഛത്രപതി സംഭാജി നഗറിൽ 'മറാത്ത്വാഡ - ആത്മനിർഭർ ഭാരത് കി രക്ഷാ ഭൂമി' സംവാദ സെഷനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മോദി ഗവണ്മെന്റിന്റെ കാലത്ത് രാജ്യത്തെ പ്രതിരോധ കയറ്റുമതിയിൽ 40 മടങ്ങ് വർദ്ധനവ് ഉണ്ടായതായും രാജ്നാഥ് സിംഗ് പറഞ്ഞു.

✪✪✪

ഇന്ന് ലോക കരൾ ദിനം. ഭക്ഷണമാണ് മരുന്ന് എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. കരളിന്റെ ആരോഗ്യത്തെക്കുറിച്ചും, കരൾ രോഗങ്ങൾ നിയന്ത്രിക്കാനാവശ്യമായ ഭക്ഷണ രീതികളെക്കുറിച്ചും അവബോധം നൽകാനാണ് എല്ലാ വർഷവും ഏപ്രിൽ 19 ലോക കരൾ ദിനമായി ആചരിക്കുന്നത്.

✪✪✪

പാഴ്‌വസ്തു സംഭരണത്തിൽ കേരളം സർവ്വകാല നേട്ടം കൈവരിച്ചതായി മന്ത്രി M.B രാജേഷ് പറഞ്ഞു. പാഴ് വസ്തുക്കൾ റോഡുകളിലും ജലാശയങ്ങളിലും വലിച്ചെറിയുന്ന, സ്ഥിതിക്ക് മാറ്റമുണ്ടാക്കുന്നതിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം നിർണ്ണായകമാണെന്ന് മന്ത്രി അറിയിച്ചു. നിർമ്മാണം പൂർത്തീകരിച്ച പാലക്കാട്, മേലാർകോട് മാലിന്യ സംഭരണ കേന്ദ്ര കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു MB രാജേഷ്.

✪✪✪

രണ്ടാം പിണറായി വിജയൻ ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷങ്ങൾക്ക് മറ്റന്നാൾ കാസർകോട്ട് തുടക്കമാകും. ആഘോഷം ജനകീയോത്സവമാക്കി മാറ്റാൻ ജില്ലാതല സംഘാടക സമിതിയോഗത്തിൽ മന്ത്രി AK ശശീന്ദ്രൻ ആവശ്യപ്പെട്ടു.

ജില്ലാപ്രതിനിധി P ജഗന്നിവാസന്റെ റിപ്പോർട്ട്.

.....(വോയ്സ്)......

✪✪✪

വഖഫ് ഭേദഗതി നിയമപ്രകാരം കേരളത്തിൽ വഖഫ് ബോർഡ് രൂപീകരിക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചെന്ന തരത്തിൽ ഒരു ഇംഗ്ലീഷ് പത്രത്തിൽ വന്ന വാർത്ത വസ്തുതാവിരുദ്ധമാണെന്ന് മന്ത്രി V.അബ്ദുറഹിമാൻ അറിയിച്ചു. സംസ്ഥാന വഖഫ് ബോർഡിന്റെ കാലാവധി കഴിഞ്ഞതോടെ പുതിയ ബോർഡ് രൂപീകരിക്കുന്നതുവരെ ഇപ്പോഴത്തെ ബോർഡിന് തുടരാൻ ഹൈക്കോടതി അനുമതി നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

✪✪✪

ക്രൈസ്തവർ നാളെ യേശുദേവന്റെ ഉയിർപ്പ് തിരുനാൾ, ഈസ്റ്റർ ആഘോഷിക്കും. ലോകനന്മയ്ക്കായി കുരിശുമരണം വരിച്ച യേശുക്രിസ്തു മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റുവെന്ന വിശ്വാസമാണ് ഈസ്റ്ററിന്റെ അടിസ്ഥാനം. 50 നോമ്പിന്റെ പരിസമാപ്തി കൂടിയാണ് ഈസ്റ്റർ.

✪✪✪

ഈസ്റ്ററിനോട് അനുബന്ധിച്ച് കോഴിക്കോട് ദേവമാതാ കത്തീഡ്രലിൽ രാത്രി പത്തരയോടെ ഉയിർപ്പിന്റെ തിരുകർമങ്ങൾ ആരംഭിക്കും. കോഴിക്കോട് അതിരുപതാ ആർച്ച് ബിഷപ്പ് ഡോ. വർഗീസ് ചക്കാലക്കൽ മുഖ്യകാർമികനായിരിക്കും. ദേവഗിരി സെന്റ് ജോസഫ്സ് ദേവാലയത്തിലും,

അമലാപുരി സെന്റ് തോമസ് ചർച്ചിലും  ഉയിർപ്പിന്റെ തിരുക്കർമ ചടങ്ങുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

NCC മേധാവി  ലെഫ്റ്റനന്റ് ജനറൽ ഗുർബീർപാൽ സിംഗ് അഞ്ചു ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിന് ഇന്നലെ സംസ്ഥാനത്തെത്തി. സന്ദർശനത്തിന്റെ ഭാഗമായി, സംസ്ഥാനത്തെ വിവിധ NCC യൂണിറ്റുകൾ അദ്ദേഹം സന്ദർശിച്ച്, കേഡറ്റുകളുമായി ആശയവിനിമയം നടത്തും.

ഇന്ന് കണ്ണൂരിലെ NCC-31 കേരളബറ്റാലിയൻ ആസ്ഥാനം അദ്ദേഹം സന്ദർശിക്കും. നാളെ കല്പറ്റയിലും, ചൊവ്വാഴ്ച കോഴിക്കോട്ടും സന്ദർശനം നടത്തിയശേഷം ബുധനാഴ്ച തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയനുമായി NCC മേധാവി കൂടിക്കാഴ്ച നടത്തും.

✪✪✪

ഇന്ത്യയിലെ ആൻജിയോപ്ലാസ്റ്റിയുടെ പിതാവ് എന്ന അറിയപ്പെടുന്ന ഹൃദയാരോഗ്യ വിദഗ്ധൻ ഡോ. മാത്യു സാമുവൽ കളരിക്കൽ ചെന്നൈയിൽ അന്തരിച്ചു. ഇന്നലെ അപ്പോളോ ആശുപത്രിയിലായിരുന്നു 77 കാരനായ അദ്ദേഹത്തിന്റെ അന്ത്യം.  1986 ൽ രാജ്യത്തെ ആദ്യ കൊറോണറി ആൻജിയോപ്ലാസ്റ്റി നടത്തിയത് ഡോ. മാത്യു സാമുവലാണ്.  2000 ൽ അദ്ദേഹത്തെ പത്മശ്രീ നൽകി രാജ്യം ആദരിച്ചിരുന്നു. സംസ്കാരം മറ്റന്നാൾ ഉച്ചകഴിഞ്ഞ്  കോട്ടയം മാങ്ങാനത്തെ സെന്റ് പീറ്റേഴ്സ് മാർത്തോമാ ചർച്ച് സെമിത്തേരിയിൽ നടത്തും.

ഡോ. മാത്യു സാമുവൽ കളരിക്കലിന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. ആൻജിയോപ്ലാസ്റ്റി ഇന്ത്യയിൽ വ്യാപകമാക്കുന്നതിൽ അദ്ദേഹത്തിന്റെ പങ്ക് എടുത്തുപറയേണ്ടതാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

കോഴിക്കോട്  കോടഞ്ചേരി  പതങ്കയം വെള്ളച്ചാട്ടത്തിൽ ഒഴുക്കിൽപ്പെട്ട് NIT വിദ്യാർത്ഥി മരിച്ചു. വിശാഖപട്ടണം സ്വദേശി 21 കാരനായ രേവന്ദാണ് മുങ്ങി മരിച്ചത്. സഹപാഠികൾക്കൊപ്പം വെള്ളച്ചാട്ടം കാണാനെത്തിയതായിരുന്നു രേവന്ദ്.

✪✪✪

കോഴിക്കോട് താമരശ്ശേരി വെളിമണ്ണയിൽ  ഇന്നലെ വൈകിട്ട് ഇരുതുള്ളി പുഴയിൽ ഒഴുക്കിൽപ്പെട്ട് പത്തു വയസ്സുകാരൻ മരിച്ചു. വെളിമണ്ണ UP സ്കൂൾ വിദ്യാർത്ഥി മുഹമ്മദ് ഫസീഹാ-ണ് മരിച്ചത്.

✪✪✪

കേരള കൗമുദി ദിനപത്രത്തിന്റെ അസോസിയേറ്റ് എഡിറ്റർ V ശശിധരൻ നായർ നിര്യാതനായി. അദ്ദേഹത്തിന്റെ ഭൗതിക ശരീരം ഉച്ചയ്ക്ക് തിരുവനന്തപുരം പ്രസ്ക്ലബ്ബിൽ പൊതുദർശനത്തിനു വെയ്ക്കും.

✪✪✪

IPL ട്വന്റി-20 ക്രിക്കറ്റിൽ ബെംഗളൂരുവിൽ പഞ്ചാബ് കിംഗ്സ്,റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ 5 വിക്കറ്റിന് തോൽപ്പിച്ചു.

ഇന്ന് IPL ൽ രണ്ട് മത്സരങ്ങൾ. ആദ്യ മത്സരത്തിൽ വൈകിട്ട് മൂന്നരയ്ക്ക് അഹമ്മദാബാദിൽ ഗുജറാത്ത് ടൈറ്റൻസ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ജയ്പൂരിൽ രാജസ്ഥാൻ റോയൽസ്, ലഖ്നൗ സൂപ്പർ ജയന്റ്സുമായി ഏറ്റുമുട്ടും.

✪✪✪

കോഴിക്കോട് ജില്ലാ E ഡിവിഷൻ ലീഗ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ, ഇന്നലെ മലബാർ ക്രിസ്ത്യൻ കോളേജ് മറുപടിയില്ലാത്ത മൂന്ന് ഗോളിന് MGM ഈങ്ങാപ്പുഴയെ പരാജയപ്പെടുത്തി.

രണ്ടാം മത്സരത്തിൽ കാലിക്കറ്റ് FC യും കൂരിയാൽ ബ്രദേഴ്സും ഗോൾരഹിത സമനിലയിൽ പിരിഞ്ഞു.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ഇത്തവണത്തെ ഹജ്ജ് യാത്ര, അടുത്തമാസം 11 ന് ആരംഭിക്കും. ഹജ്ജ് ക്യാമ്പിന്റെ സംഘടക സമിതി രൂപീകരണ കൺവെൻഷൻ മട്ടന്നൂരിൽ ഇന്നലെ KK ശൈലജ MLA ഉദ്ഘാടനം ചെയ്തു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

.....(വോയ്സ്).......

✪✪✪

നടൻ ഷൈൻ ടോം ചാക്കോയോട് ചോദ്യം ചെയ്യലിന് ഹാജരാകാൻ പൊലീസ് നോട്ടീസ് നൽകി. രാവിലെ എറണാകുളം സെൻട്രൽ ACP ക്ക് മുന്നിൽ ഹാജരാകണ മെന്നാവശ്യപ്പെട്ടാണ് നോട്ടീസ് .

ഡാൻസാഫ് പരിശോധനയ്ക്കിടെ ബുധനാഴ്ച രാത്രി എറണാകുളം നോർത്തിലെ ഹോട്ടലിൽ നിന്ന് ഷൈൻ ടോം ഇറങ്ങിയോടുന്ന CC-TV ദൃശ്യങ്ങളുടെ അടിസ്ഥാനത്തിലാണ് നോട്ടീസ് നൽകിയത്.

✪✪✪

വനിതാ CPO റാങ്ക് ലിസ്റ്റിന്റെ കാലാവധി ഇന്ന് അവസാനിക്കും. സെക്രട്ടേറിയറ്റിന് മുന്നിലെ സമരപ്പന്തലിൽ ഉണ്ടായിരുന്ന മൂന്ന് ഉദ്യോഗാർഥികൾ ഉൾപ്പെടെ 45 പേർക്ക് കൂടി കഴിഞ്ഞ ദിവസം അഡ്വൈസ് മെമ്മോ ലഭിച്ചിരുന്നു. അഡ്വൈസ് മെമോ ലഭിക്കാത്തവർ സെക്രട്ടേറിയറ്റിന് മുന്നിൽ സമരം തുടരുകയാണ്.

✪✪✪

ആശാവർക്കർമാരുടെ രാപ്പകൽസമരം 69-ാം ദിവസത്തിലേക്ക് കടന്നു. നിരാഹാര സമരം ഇന്ന് 31-ാം ദിവസത്തിലേക്കും പ്രവേശിച്ചു.

✪✪✪

പാലക്കാട് കോട്ടായി പെരുംകുളങ്ങര ക്ഷേത്ര ഉത്സവത്തിലെ വെടിക്കെട്ട് അപകടത്തിൽ ആറ് പേർക്ക് പരിക്കേറ്റു. ഇന്നലെ രാത്രി പത്ത് മണിയോടെ വെടിക്കെട്ടിന്റെ വെടിപ്പുരയ്ക്ക് തീപിടിച്ചായിരുന്നു അപകടമെന്ന് പോലീസ് പറഞ്ഞു. പരിക്കേറ്റവരെ പാലക്കാട് ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

ഫോർട്ടുകൊച്ചി അമരാവതി ജനാർദ്ദനസ്വാമി ക്ഷേത്രത്തിലെ ബ്രഹ്മകലശം നാളെ നടത്തും. പുനർനിർമ്മാണം പൂർത്തിയാക്കിയ മഹാബലേശ്വർ ക്ഷേത്രത്തിലെ പുനഃപ്രതിഷ്ഠ ഈ മാസം 23 നും നടത്തും.

✪✪✪

ചേർത്തലയിൽ 40 ചാക്ക് നിരോധിത പുകയില ഉത്പന്നങ്ങളുമായി ഒരാൾ പിടിയിലായി. വാഴക്കുളം സ്വദേശി അബ്ദുൾ സമദിനെയാണ് വാഹനപരിശോധനയ്ക്കിടെ പുകയില ഉത്പന്നങ്ങളുമായി പിടികൂടിയത്.

✪✪✪

---

*News Editor:* **ചന്ദ്രബാബു**
*News Reader:* **അനിൽ ചന്ദ്രൻ**
*News Team:* **നിഷിതകുമാരി**
*DEO :* **ഷീബ**